നടപടി ക്രമം
അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി , എൻ .സി സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും ) സംസ്ഥാന വിഭാഗം, തിരുവനന്തപുരം
(ഹാജർ : മേജർ ജനറൽ അലോക് ബേരി)

**എൻ .സി. സി ജീവനക്കാര്യം : കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് – സമാന തസ്തികയിലുള്ള തസ്തിക മാറ്റം അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

നമ്പർ.402/എ6–എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം തീയതി: 10 നവംബർ 2022

സൂചന : (1) സ.ഉ (കൈ) നമ്പർ 1/2018/ഉ.ഭ.പ.വ തീയതി 27.01.2018.

(2) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം കത്ത് നമ്പർ E3/2656/Gp HQ/NCC തീയതി 02.07.2022, ഇതേ നമ്പർ കത്ത് തീയതി 08.07.2022.

(3) 7 കേരള ബറ്റാലിയൻ എൻ.സി.സി കൊല്ലം കത്ത് നമ്പർ 105/Est, തീയതി 18.07.2022.

(4) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം കത്ത് നമ്പർ 401/Misc/Est തീയതി 22.10.2022

(5) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോട്ടയം കത്ത് നമ്പർ 5001/2/SE-1/NCC, തീയതി 22.06.2022, ഇതേ നമ്പർ കത്ത് തീയതി 27.09.2022.

(6) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, എറണാകുളം കത്ത് നമ്പർ 822/01/Est/2936 തീയതി 20.07.2022, 822/01/Est/3123 തീയതി 02.08.2022, 822/01/Est/3170 തീയതി 03.08.2022.

(7) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് കത്ത് നമ്പർ 154/Est III, തീയതി 14.06.2022, ഇതേ നമ്പർ കത്ത് തീയതി 21.07.2022, 20.08.2022, 26.08.2022, 31.10.2022.

(8) 32 കേരള ബറ്റാലിയൻ എൻ.സി.സി കത്ത് നം 0453/E-III തീയതി 01.11.2022.

(9) ഈ ഓഫീസിലെ 25.10.2022 ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ്**

1. സൂചന (1) ലെ സർക്കാർ ഉത്തരവനുസരിച്ച് പൊതുവായ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച ഒരേ ശമ്പള സ്കെയിലിലുള്ള ക്ലാസ് ഫോർ ജീവനക്കാർക്ക് അവരുടെ അപേക്ഷ പ്രകാരം, തസ്തിക മാറ്റം അനുവദനീയമാണ്. ഇപ്രകാരം ഗ്രൂപ്പ് തലത്തിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓഫീസ് | ഇപ്പോഴത്തെ അപേക്ഷകരുടെ എണ്ണം | മുൻപ് പരിഗണിക്കാൻ കഴിയാതെപോയ അപേക്ഷകരുടെ എണ്ണം | ആകെ എണ്ണം |
|---|---|---|---|---|
| 1. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം | 02 | 01 | 03 |
| 2. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം | 03 | 01 | 04 |
| 3. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോട്ടയം | 02 | 03 | 05 |
| 4. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, എറണാകുളം | 03 | – | 03 |
| 5. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് | 06 | 01 | 07 |
| ആകെ | | 16 | 06 | 22 |

2. സൂചന (9) ലെ ഉത്തരവ് പ്രകാരം ഈ വകുപ്പിലെ ഒരേ ശമ്പള സ്കെയിലുള്ള ക്ലാസ് ഫോർ ജീവനക്കാരുടെ തസ്തികമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് താത്കാലികമായി പുറപ്പെടുവിക്കുകയും, കൂടാതെ ഉത്തരവിൽ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 04 നവംബർ 2022 തീയതിക്കകം ഈ ഓഫീസിൽ അറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളുടെ വിശദമായ പരിശോധനയിലും, നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിലും ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകർക്ക് തസ്തിക മാറ്റത്തിന് യോഗ്യത ഉള്ളതായി കാണുന്നു. ആയതിനാൽ ചുവടെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് പരാമർശം 1 സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് വിധേയമായി തസ്തിക മാറ്റം അനുവദിച്ചുകൊണ്ടും അവരുടെ പേരിന്റെ എതിരെ സൂചിപ്പിച്ചിരിക്കുന്ന യൂണിറ്റിലേക്ക് സ്ഥലം മാറ്റികൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, പെൻ, യൂണിറ്റ് | നിലവിലുള്ള തസ്തിക | മാറ്റം വരുത്തിയ തസ്തിക | നിയമനം ലഭിച്ച യൂണിറ്റ് |
|---|---|---|---|---|
| 1. | ശ്രീ. മധുമോഹനൻ എൻ.കെ<br>പെൻ – 769060<br>14 കേരള ബറ്റാലിയൻ<br>എൻ.സി.സി, പത്തനംതിട്ട | ലാസ്കർ<br>ഗ്രേഡ്–II | ഒ.എ ഗ്രേഡ്–II | 14 കേരള ബറ്റാലിയൻ<br>എൻ.സി.സി,<br>പത്തനംതിട്ട |
| 2. | ശ്രീ. സിമിഷ് വി<br>പെൻ–905594<br>എൻ.സി.സി. ഗ്രൂപ്പ്<br>ഹെഡ്ക്വാർട്ടേഴ്സ്,<br>തിരുവനന്തപുരം | മസാൽചി<br>ഗ്രേഡ്–II | ലാസ്കർ ഗ്രേഡ്–II | എൻ.സി.സി. ഗ്രൂപ്പ്<br>ഹെഡ്ക്വാർട്ടേഴ്സ്,<br>തിരുവനന്തപുരം |
| 3. | ശ്രീ. അനൂപ് എസ് നായർ<br>പെൻ – 905610<br>എൻ.സി.സി. ഗ്രൂപ്പ്<br>ഹെഡ്ക്വാർട്ടേഴ്സ്,<br>തിരുവനന്തപുരം | ലാസ്കർ<br>ഗ്രേഡ്–II | ഒ.എ ഗ്രേഡ്–II | എൻ.സി.സി. ഗ്രൂപ്പ്<br>ഹെഡ്ക്വാർട്ടേഴ്സ്,<br>തിരുവനന്തപുരം |
| 4 | ശ്രീ. രാജീവ് കെ<br>പെൻ – 911813<br>7 കേരള ബറ്റാലിയൻ<br>എൻ.സി.സി, കൊല്ലം | ചൗക്കിദാർ ഗ്രേഡ് –<br>II | ലാസ്കർ<br>ഗ്രേഡ്–II | 7 കേരള ബറ്റാലിയൻ<br>എൻ.സി.സി, കൊല്ലം |
| 5. | ശ്രീ. വിനോദ് കുമാർ കെ<br>പെൻ – 730207<br>9 കേരള ഗേൾസ് ബറ്റാലിയൻ<br>എൻ.സി.സി, കോഴിക്കോട് | ലാസ്കർ<br>ഗ്രേഡ്–I | ഒ.എ ഗ്രേഡ്–I | 9 കേരള ഗേൾസ്<br>ബറ്റാലിയൻ<br>എൻ.സി.സി,<br>കോഴിക്കോട് |
| 6. | ശ്രീ. ഷാജു എൻ.എ<br>പെൻ – 899938<br>എൻ.സി.സി. ഗ്രൂപ്പ്<br>ഹെഡ്ക്വാർട്ടേഴ്സ്, കോട്ടയം | മസാൽചി<br>ഗ്രേഡ്–II | ലാസ്കർ<br>ഗ്രേഡ്–II | 5 കേരള നേവൽ യൂണിറ്റ്<br>എൻ.സി.സി,<br>ചങ്ങനാശ്ശേരി |
| 7. | ശ്രീ. ശ്രീകുമാർ എം<br>പെൻ – 659513<br>1 കേരള ബറ്റാലിയൻ<br>എൻ.സി.സി<br>വർക്കല | ലാസ്കർ<br>ഗ്രേഡ്–I | ഒ.എ ഗ്രേഡ്–I | 1 കേരള ബറ്റാലിയൻ<br>എൻ.സി.സി<br>വർക്കല |
| 8. | ശ്രീ. ബിജുകുമാർ എം എ<br>പെൻ – 901475<br>15 കേരള ബറ്റാലിയൻ<br>എൻ.സി.സി, തിരുവല്ല | ചൗക്കിദാർ ഗ്രേഡ് –<br>II | ലാസ്കർ<br>ഗ്രേഡ്–II | 14 കേരള ബറ്റാലിയൻ<br>എൻ.സി.സി,<br>പത്തനംതിട്ട |
| 9. | ശ്രീ. സമീർ പി.പി<br>പെൻ – 910601<br>9 കേരള ഗേൾസ് ബറ്റാലിയൻ<br>എൻ.സി.സി, കോഴിക്കോട് | ചൗക്കിദാർ ഗ്രേഡ് –<br>II | ലാസ്കർ<br>ഗ്രേഡ്–II | 9 കേരള ഗേൾസ്<br>ബറ്റാലിയൻ<br>എൻ.സി.സി,<br>കോഴിക്കോട് |

3. മേൽ വിവരിച്ച സ്ഥലം മാറ്റം മുഖേന ലാസ്കർ ഗ്രേഡ്-II/ഓഫീസ് അറ്റൻഡൻറ് ഗ്രേഡ്-II/ചൗക്കിദാർ ഗ്രേഡ്-II എന്നീ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിലവിലെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നികത്തേണ്ടതാണ്. കൂടാതെ ചൗക്കിദാറിന്റെ അഭാവത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ പ്രസ്തുത ഡ്യൂട്ടി റൊട്ടേഷൻ മുഖേന ചെയ്യേണ്ടതാണ് എന്നും അറിയിക്കുന്നു. തസ്തിക മാറ്റവും സ്ഥലം മാറ്റവും സംബന്ധിച്ച വിശദാംശങ്ങൾ മേൽ വിവരിച്ച വ്യക്തികളുടെ സർവ്വീസ് ബുക്കിൽ മേലധികാരി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

4. താഴെ വിവരിക്കുന്ന ജീവനക്കാരുടെ പുതുതായും, പുനഃപരിശോധിക്കുന്നതിനായും ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ചു. എന്നാൽ അവരുടെ പേരിന്റെ എതിരെ സൂചിപ്പിച്ചിരിക്കുന്ന കാരണങ്ങളാൽ അവരുടെ അപേക്ഷകൾ ഇപ്പോൾ പരിഗണിക്കാൻ സാധിക്കില്ലായെന്നും, ഓപ്പൺ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്നും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, യൂണിറ്റ് | മാറ്റം ആവശ്യപ്പെട്ട തസ്തിക | അപേക്ഷ പരിഗണിക്കാൻ കഴിയാത്തതിന്റെ കാരണം |
|---|---|---|---|
| 1. | ശ്രീ. ഷിനോദ് ഭാനു കോഡോത്ത്, ചൗക്കിദാർ ഗ്രേഡ്- II<br>32 കേരള ബറ്റാലിയൻ എൻ.സി.സി, പയ്യന്നൂർ | ലാസ്കർ ഗ്രേഡ്-II | കണ്ണൂർ ജില്ലയിൽ നിലവിൽ ഒഴിവുള്ള ലാസ്കർ തസ്തികകൾ NCA Vcancy ആകുന്നു. കൂടാതെ, ആയത് PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആകുന്നു. |
| 2. | ശ്രീ ഗിരീഷ് കുമാർ ഒ മസാൽചി ഗ്രേഡ്-II എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് | ചൗക്കിദാർ ഗ്രേഡ്- II | പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ല. |
| 3. | ശ്രീ നിഷാന്ത് എച്ച് ചൗക്കിദാർ ഗ്രേഡ്- II എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം | ഒ.എ ഗ്രേഡ്-II/ ലാസ്കർ ഗ്രേഡ്-II | ഓപ്പൺ ഒഴിവ് ലഭ്യമല്ല. |
| 4. | ശ്രീ രാജി എൻ മസാൽചി ഗ്രേഡ്-II എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം | ഒ.എ ഗ്രേഡ്-II/ ലാസ്കർ ഗ്രേഡ്-II | ഓപ്പൺ ഒഴിവ് ലഭ്യമല്ല. |

ഒപ്പ്/- x x x
**അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി**

<u>പകർപ്പ്:</u>

1. എല്ലാ ഓഫീസുകൾക്കും വെബ്സൈറ്റ് മുഖേന
2. A2-II

അംഗീകാരത്തോടെ

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)
Thiruvananthapuram-10